15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1267 — 12-02-2025 - ൽ മറുപടിയ്ക്ക്

പാറ മണ്ണ്ക്കാട് പാലം നിർമ്മാണ പ്രവൃത്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പാറമണ്ണ്ക്കാട് പാലം നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | പാറ മണ്ണുകാട് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 01/11/2016 തീയതിയിലെ G.O(Rt) No.1502/2016/PWD പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 07/09/2019 തീയതിയിൽ 8.63 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് 02/08/2020 തീയതിയിലെ ഉത്തരവ് പ്രകാരം 8.63 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി. 09/11/2020 തീയതിയിൽ 7.92 കോടി രൂപയ്ക്ക് കരാർ നൽകി. പ്രസ്തുത പ്രവൃത്തി നിലവിൽ 75% പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിന്റെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു. സംരക്ഷണ ഭിത്തിയുടെയും, ഡ്രൈനേജ് നിർമ്മാണത്തിന്റെയും പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. അപ്രോച്ച് റോഡിന്റെ സബ് ഗ്രേഡ് ഫോർമേഷൻ വർക്കുകൾ പുരോഗമിക്കുന്നു. അപ്രോച്ച് റോഡിന്റെ ഭാഗത്ത് നിലവിലുള്ള KSEB പോസ്റ്റുകളും ട്രാൻസ്ഫോർമറും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. ഈ വർഷം ഏപ്രിൽ മാസം മുപ്പതിനകം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പ്രവൃത്തി പൂർത്തികരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പാലത്തിന്റെ എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; മുഴുവൻ പണികളും പൂർത്തിയാക്കി പാലം എന്ന് ജനങ്ങൾക്ക് തുറന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ